ഭാഗം-എ

സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി

8. കേരളത്തിന്റെ സാമ്പത്തിക സ്ഥിതി കഴിഞ്ഞ മൂന്നുവർഷംകൊണ്ട് മെച്ചപ്പെട്ടുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞവർഷത്തെ അപേക്ഷിച്ച് നാണയപ്പെരുപ്പനിരക്കിൽ കുറവുവന്നിട്ടുണ്ട്. ഈ വർഷം തുടക്കത്തിൽ മൂന്നുമാസക്കാലത്തോളം വരൾച്ച അനുഭവപ്പെട്ടിരുന്നുവെങ്കിലും കാർഷികരംഗത്ത് ഉണർവ്വ് പ്രകടമായിക്കൊണ്ടിരിക്കുകയും ചില പ്രധാനപ്പെട്ട നാണ്യ വിളകൾക്ക് വിലസ്ഥിരത കൈവരിയ്ക്കാൻ സാധിക്കുകയും ചെയ്തിട്ടുണ്ട്. പല പ്രതികൂല സാഹചര്യങ്ങൾ ഉണ്ടായിട്ടുപോലും സംസ്ഥാനത്തിന്റെ ആഭ്യന്തര ഉല്പ്പാദന വളർച്ചാനിരക്ക് യഥാർത്ഥത്തിൽ 6.5 ശതമാനമായി ഉയരുന്നതിനുള്ള സാദ്ധ്യതയുണ്ട്.

9. ആഗോള നിക്ഷേപക സമ്മേളനത്തിനുശേഷം സ്വകാര്യ നിക്ഷേപത്തിന് സഹായകരമായ ഒരു സാഹചര്യം സൃഷ്ടിക്കുന്നതിന് ഏർപ്പെടുത്തിയ പരിഷ്കാരങ്ങൾ ക്രമമായി സുസ്ഥിരമായി പുരോഗമിക്കുന്നുണ്ട്. സ്വകാര്യ നിക്ഷേപം വളരുന്നതോടൊപ്പം നിക്ഷേപകരുടെ ആത്മവിശ്വാസവും വർദ്ധിച്ചുവരുന്നു. ഒരു വലിയ ഇടവേളയ്ക്കുശേഷം പൊതുമേഖലയിലൂടെയും, സ്വകാര്യമേഖലയിലൂടെയും പൊതു-സ്വകാര്യമേഖലയിലെ പങ്കാളിത്തത്തോടെയുമുള്ള സംരംഭങ്ങൾ യാഥാർത്ഥ്യമായിക്കൊണ്ടിരിക്കുകയാണ്. റോഡുകളുടെയും ശുദ്ധജലവിതരണ പദ്ധതികളുടെയും ബഹുമുഖ ഏജൻസികൾ ധനസഹായം നൽകുന്ന നഗരപ്രദേശങ്ങളിലെ അടിസ്ഥാന സൗകര്യവികസനം, വല്ലാർപാടം പദ്ധതി, എൽ.എൻ.ജി. പെട്രോനെറ്റ്, ഐ.ടി. പാർക്കുകൾ എന്നിവ ഇപ്പോൾ കടലാസിൽനിന്നും പ്രായോഗിക തലത്തിലേക്ക് രൂപാന്തരപ്പെട്ടുകൊണ്ടിരിക്കുന്നു.

10. യു.,ഡി.എഫ്. സർക്കാരിന് കൈമാറിക്കിട്ടിയ വഷളായിക്കൊണ്ടിരുന്ന സാമ്പത്തിക സ്ഥിതി, സർക്കാരിന്റെ കൂട്ടായ ശ്രമത്തിലൂടെ അനുഭവവേദ്യമായ തരത്തിൽ മെച്ചപ്പെടുത്തുവാനും റവന്യൂ കമ്മി-ജി.എസ്.ഡി.പി. അനുപാതം മോശപ്പെട്ടുവന്നിരുന്ന സ്ഥിതി അവസാനിപ്പിക്കുവാനും സാധിച്ചിട്ടുണ്ട്. മൊത്തം ബാദ്ധ്യത-ജി.എസ്.ഡി.പി. അനുപാതത്തിലെ കുത്തനെയുള്ള ഉയർച്ചയും പിടിച്ചുനിറുത്താൻ കഴിഞ്ഞിട്ടുണ്ട്. സാമ്പത്തിക തിരുത്തൽ നടപടികൾ ശരിയായ ദിശയിൽ ആകുകയും സാമ്പത്തിക സ്ഥിതി സുസ്ഥിരമാക്കുന്നതിന്റെ പ്രാരംഭദശയിലെത്തി നിൽക്കുകയുമാണ്. ബഡ്ജറ്റ് എസ്റ്റിമേറ്റിലെ ധനക്കമ്മി 5.33 ശതമാനത്തിൽനിന്നും പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം 5.28 ശതമാനമായി കുറഞ്ഞിട്ടുണ്ട്. റവന്യൂ കമ്മി ബഡ്ജറ്റിലെ 4.69 ശതമാനത്തിൽനിന്ന് 4.55 ശതമാനമായി കുറയുമെന്ന് പ്രതീക്ഷിക്കുന്നു.

11. അക്കൗണ്ടന്റ് ജനറലിന്റെ കണക്കനുസരിച്ച് സംസ്ഥാനത്തിന്റെ പൊതുകടം 31-3-2004-ൽ 37452 കോടി രൂപയാണ്. 2002-03 വർഷത്തെ അപേക്ഷിച്ച് 20.6 ശതമാനം വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. പദ്ധതിവിഹിതം വർദ്ധിപ്പിക്കാനും വിദ്യുച്ഛക്തി ബോർഡിന്റെ റവന്യൂ കമ്മി നികത്തുവാനും അവരുടെ കടബാദ്ധ്യത ഏറ്റെടുക്കുവാനും സർക്കാർ ജീവനക്കാർക്ക് 11 ശതമാനം ക്ഷാമബത്ത നൽകുന്നതിനുമാണ് പ്രധാനമായും ഈ

LIBRARY ARCHIVES Kerala Legislative Assembly

അധിക തുക വിനിയോഗിച്ചത്. കടത്തിൽ വന്ന വർദ്ധന 2002-03-ൽ 15.2 ശതമാനവും 2001-02-ൽ 12.7 ശതമാനവും ആയിരുന്നു. ഇത് 2000-01, 1999-2000, 1998-99 എന്നീ വർഷങ്ങളിൽ 18.6 ശതമാനം, 28.6 ശതമാനം, 22 ശതമാനം എന്നിങ്ങനെയായിരുന്നു എന്ന് പ്രത്യേകം എടുത്തു പറയേണ്ടതുണ്ട്.

12. പത്താം പഞ്ചവൽസര പദ്ധതിയുടെ നാലാം വർഷമായ 2005-06-ൽ എക്കാലത്തെയും ഉയർന്ന 5369.81 കോടി രൂപ അടങ്കലുള്ള വാർഷിക പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ഇതിലേയ്ക്കായി 1935.27കോടി രൂപയുടെ കേന്ദ്ര സഹായം ലഭ്യമാകും എന്നു പ്രതീക്ഷിക്കുന്നു. 750 കോടി രൂപയുടെ പദ്ധതികൾ ഊർജ്ജ മേഖലയിൽ നടപ്പിലാക്കും. 1375 കോടി രൂപ പദ്ധതി നടത്തിപ്പിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കും. വിദേശ സഹായ പദ്ധതികളിൽ ഏറ്റവും കൂടുതൽ പ്രാധാന്യം നൽകിയിരിക്കുന്നത് ലോക ബാങ്ക് സഹായത്തോടെ നടപ്പിലാക്കിവരുന്ന കേരള സ്റ്റേറ്റ് ട്രാസ്പോർട്ട് പ്രോജക്റ്റിനാണ്. ഇതിലേക്കായി 575 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

13. വാറ്റ് നടപ്പിലാക്കിയതിനുശേഷമുള്ള ആരോഗ്യകരമായ ഒരു ബൃഹത്തായ സാമ്പത്തിക പശ്ചാത്തലത്തിലാണ് 2005-06-ലെ ബഡ്ജറ്റ് എസ്റ്റിമേറ്റ്, പ്രത്യേകിച്ച് നികുതി വരുമാനം, കണക്കാക്കിയിരിക്കുന്നത്. പദ്ധതിയേതര റവന്യൂ ചെലവിന്റെ വളർച്ചാനിരക്കിലെ കുറവിനെ ആധാരമാക്കി ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള നികുതി തട്ടിക്കിഴിക്കലുകൾ ഒരു ഹിതകരമായ പലിശ വ്യവസ്ഥയും മിതമായ പണപ്പെരുപ്പവും മുന്നിൽ കണ്ടുകൊണ്ടാണ് വിഭാവനം ചെയ്തിരിക്കുന്നത്. സാമ്പത്തിക സാമൂഹ്യ മേഖലകളിലെ പൊതു അടിസ്ഥാന സൗകര്യ നിക്ഷേപം ത്വരിതഗതിയിലുള്ള വളർച്ചയ്ക്ക് ആക്കം കൂട്ടും.

14. നാലുവർഷം മുമ്പ് സംസ്ഥാനം അഭിമുഖീകരിച്ചിരുന്ന സാമ്പത്തിക പ്രതിസന്ധിയെ ഏറ്റവും രൂക്ഷം, മുമ്പൊരിക്കലും അനുഭവപ്പെട്ടിട്ടില്ലാത്തത് എന്ന് ധവളപത്രത്തിൽ വ്യക്തമാക്കിയിരുന്നു. എന്നാൽ ഇന്ന് എന്റെ സഹപ്രവർത്തകർ ഉൾപ്പടെ പലരും കരുതുന്നത് ഇത് പഴയ നല്ലകാലത്തിന്റെ തിരിച്ചുവരവിന്റെ തുടക്കമാണെന്നാണ്. ഉദ്യോഗസ്ഥതലത്തിലും പലരും ചിന്തിക്കുന്നത് നമ്മൾ ഒരു തിരിച്ചുവരവിന്റെ പാതയിലാണെന്നാണ്. എന്നിരുന്നാലും 2001-ൽ നിലനിന്നിരുന്ന അപകടകരമായ പ്രതിസന്ധി പൂർണ്ണമായും മാറിയിട്ടില്ല എന്ന സത്യം നാം സമ്മതിക്കേണ്ടിയിരിക്കുന്നു. നാം തെരഞ്ഞെടുത്ത സാമ്പത്തിക പരിഷ്ക്കരണത്തിന്റെ പാതയിൽക്കൂടി ചലിച്ചില്ലെങ്കിൽ ഭാവി ശോഭനമായിരിക്കുകയില്ല.

15. പദ്ധതി പദ്ധതിയേതര ഇനങ്ങളിൽ 2002-03 വർഷത്തിൽ റവന്യൂ ചെലവിലുണ്ടായ അഭൂതപൂർവ്വമായ വർദ്ധനമൂലമാണ് റവന്യൂ കമ്മി-ജി.എസ്.ഡി.പി. അനുപാതം എക്കാലത്തെയും ഉയർന്ന നിരക്കിലേക്ക് എത്തിയത്. എന്നിരുന്നാലും 2003-04-ൽ റവന്യൂ ചെലവ് ജി.എസ്.ഡി.പി.-യുടെ 17.2 ശതമാനമായി പരിമിതപ്പെടുത്താൻ കഴിഞ്ഞു. ശമ്പളം, പെൻഷൻ, പലിശ എന്നീ ഇനങ്ങളിൽ മാത്രം 2003-04-ൽ

LIBRARY ARCHIVES Kerala Legislative Assembly

യഥാക്രം 5067 കോടി രൂപ, 2409 കോടി രൂപ, 3328 കോടി രൂപ (മൊത്തം 10804 കോടി രൂപ) എന്നിങ്ങനെ ചെലവഴിക്കേണ്ടിവന്നു. 2003-04-ലെ മൊത്തം റവന്യൂ വരുമാനത്തിന്റെ 91 ശതമാനവും മൊത്തം റവന്യൂ ചെലവിന്റെ 70 ശതമാനവുമാണിത്. കഴിഞ്ഞ പത്തുവർഷത്തെ കണക്കനുസരിച്ച് ശമ്പളം പ്രതിവർഷം ശരാശരി 11 ശതമാനം കണ്ടും, പെൻഷൻ പ്രതിവർഷം 18 ശതമാനം കണ്ടും, പലിശ പ്രതിവർഷം 17 ശതമാനം കണ്ടും വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഇതേ നിര തുടർന്നാൽ അടുത്ത പത്തുവർഷത്തിനകം പെൻഷൻ തുക ശമ്പളത്തേക്കാൾ കൂടുതലാകും. കേന്ദ്ര ഗവൺമെന്റും മറ്റ് പല സംസ്ഥാനങ്ങളും കോൺട്രിബ്യൂട്ടറി പെൻഷൻ പദ്ധതി തുടങ്ങിക്കഴിഞ്ഞു. കേരളത്തിലും 1-4-2005-നുശേഷം ജോലിയിൽ പ്രവേശിക്കുന്ന സർക്കാർ ഉദ്യോഗസ്ഥർക്ക് കോൺട്രിബ്യൂട്ടറി പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതാണ്.

16. യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 13 ശതമാനത്തിനു മുകളിൽ പലിശ നൽകിക്കൊണ്ടിരുന്ന 2717 കോടി രൂപയുടെ കേന്ദ്രസർക്കാരിനോടുള്ള കടം, കുറഞ്ഞ പലിശ നിരക്കിലുള്ള കടമായി മാറ്റിയിട്ടുണ്ട്. ഇതിലൂടെ സംസ്ഥാന സർക്കാരിന്റെ പലിശ ബാദ്ധ്യത കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്.

17. 2003-ലെ കേരള സാമ്പത്തിക ഉത്തരവാദിത്ത ആക്ടിൽ വിഭാവനം ചെയ്യുന്ന പ്രകാരമുള്ള സാമ്പത്തിക ഭദ്രത സുസ്ഥിരമാക്കുന്നതിന് അനുയോജ്യമായ സാമ്പത്തിക ശാക്തീകരണത്തിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഈ നിയമം വ്യവസ്ഥ ചെയ്യുന്നതനുസരിച്ച് 2007 മാർച്ചോടെ റവന്യൂ കമ്മി പൂർണ്ണമായി ഇല്ലാതാക്കേണ്ടതും ധനക്കമ്മി മൊത്ത സംസ്ഥാന ആഭ്യന്തര ഉൽപ്പാദനത്തിന്റെ 2 ശതമാനമായി കുറയ്ക്കേണ്ടതുമാണ്. ഇപ്പോഴത്തെ വളർച്ചാനിരക്കിൽ ഈ ലക്ഷ്യം കൈവരിക്കുമെന്ന് വിശ്വസിക്കുന്നത് അതിമോഹമാണ്. കേന്ദ്രനിയമത്തിന്റെ ചുവട് പിടിച്ച് ഈ ലക്ഷ്യം കൈവരിക്കുന്നതിനുള്ള സമയപരിധി 2009 മാർച്ചിലേക്ക് നീട്ടണമെന്ന നിർദ്ദേശം ഞാൻ മുന്നോട്ട് വയ്ക്കുന്നു. എല്ലാ മേഖലകളിലും സ്ഥായിയായ പരിഷ്കരണം നടത്തിയെങ്കിൽ മാത്രമെ 2009-ൽ എങ്കിലും ഈ ലക്ഷ്യം കൈവരിക്കുവാൻ സാധിക്കുകയുള്ളു.

18. പരിഷ്കരണപാതയുടെ ദിശയെ സംബന്ധിച്ച് സംസ്ഥാനത്തെ രാഷ്ട്രീയ പാർട്ടികളിൽ അഭിപ്രായ സമന്വയം ഉണ്ടായാൽ മാത്രമെ വികസനോൻമുഖമായ സാമ്പത്തിക നീക്കുപോക്കുകളുടെ അജണ്ട പ്രായോഗികമാവുകയുള്ളു. നിർഭാഗ്യവശാൽ, പരിഷ്കരണത്തിന് കനത്തവില നൽകേണ്ടിവരുമെന്ന ഒരു തെറ്റിദ്ധാരണയാണ് ചില പാർട്ടികൾക്കുള്ളത്. ചട്ടക്കൂടിനതീതമായി ചിന്തിക്കുവാനും ചൈനയിലും പശ്ചിമ ബംഗാളിലും പോലും സംഭവിച്ചുകൊണ്ടിരിക്കുന്ന ചില സുപ്രധാന നയവ്യതിയാനങ്ങൾ കണ്ണുതുറന്നുകാണുവാനും നമുക്ക് സാധിക്കേണ്ടതാണ്.

കൃഷിയും അനുബന്ധമേഖലകളും

കൃഷി

19. നൂതന ശാസ്ത്ര സാങ്കേതിക വിദ്യകളുടെ സഹായത്തോടെ തൊഴിൽ രഹിതരായ യുവതീയുവാക്കളെ കാർഷികവൃത്തിയിലേക്ക് ആകർഷിച്ച് ഗ്രാമീണമേഖലയിൽ തൊഴിൽലഭ്യത വർദ്ധിപ്പിക്കുക, വിളകളുടെ ഉൽപ്പാദനക്ഷമതയും ഉൽപ്പാദനവും

LIBRARY ARCHIVES Kerala Legislative Assembly